IIB
NSDC Training Partner

# NSDC HEALTHCARE

## SKILL DEVELOPMENT PROGRAM

Skill India
कौशल भारत-कुशल भारत

N·S·D·C
National Skill Development Corporation
Transforming the skill landscape

**മിനിസ്ട്രി ഓഫ് സ്കിൽ ഡെവലപ്പ്മെന്റ് & ഓൺട്രപ്രണർഷിപ്പ്, ഗവൺമെന്റ് ഓഫ് ഇന്ത്യക്ക് കീഴിൽ പ്രവർത്തിക്കുന്ന നാഷണൽ സ്കിൽ ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ വിവിധ**

# ഹെൽത്ത്കെയർ സ്കിൽ ഡെവലപ്പ്മെന്റ് കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു.

## യോഗ്യത : SSLC / +2 / +2 SCIENCE / DEGREE




Skill India
कौशल भारत-कुशल भारत

N·S·D·C
National Skill Development Corporation
Transforming the skill landscape

**നാഷണൽ സ്കിൽ ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി നിർദ്ദിഷ്ട സമയത്തെ തിയറി ക്ലാസ്സുകളും, പ്രാക്ടിക്കലുകളും, ഓൺ ജോബ് ട്രെയ്നിംഗും വിജയകരമായി പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് അവർ തിരഞ്ഞെടുത്ത ജോബ് റോളുകൾക്കനുസൃതമായുള്ള പ്രോഗ്രാമുകളിൽ NSDC അനുശാസിച്ചിട്ടുള്ള അസ്സെസ്മെന്റ് വിജയകരമായി പൂർത്തിയാക്കി NSDC സർട്ടിഫിക്കേഷൻ നേടാൻ സാധിക്കുന്നതാണ്.**

## കേന്ദ്ര ഗവൺമെന്റിന്റെ (NSDC) - ഹെൽത്ത്കെയർ സ്കിൽ ഡെവലപ്പ്മെന്റ് കോഴ്സുകൾ ആർക്കെല്ലാം പഠിക്കുവാൻ സാധിക്കും?



നാഷണൽ സ്കിൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലോകത്തിലെ വിവിധ തൊഴിലിടങ്ങളിലെ വ്യത്യസ്ഥ ജോബ് റോളുകൾക്കനുസൃതമായി നാഷണൽ ഒക്യുപേഷണൽ സ്റ്റാൻഡേർഡ്സ് (NOS) അനുസരിച്ച് കരിക്യുലം രൂപീകരിച്ച് ഔദ്യോഗികമായി വെബ്സൈറ്റിലൂടെ പ്രസിദ്ധീകരിച്ചിട്ടുണ്ട്. NSDC പ്രസിദ്ധീകരിച്ചിട്ടുള്ള ഓരോ ജോബ് റോളുകൾക്കനുസൃതമായുള്ള കരിക്യുലത്തിനും (QP-Qualification Pack) അഡ്മിഷൻ എടുക്കുന്നതിനാവശ്യമായ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത, പ്രോഗ്രാമിന്റെ കാലാവധി, തുടങ്ങിയ വിവരങ്ങൾ പ്രത്യേകമായി തന്നെ നിശ്ചയിച്ച് കരിക്യുലത്തിനോടൊപ്പം പബ്ലിഷ് ചെയ്തിട്ടുള്ളതാണ്.

SSLC/+2/+2സയൻസ് / ഡിഗ്രി എന്നിങ്ങനെ വിവിധ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയുള്ള വിദ്യാർത്ഥികൾക്ക് പഠിക്കുവാൻ സാധിക്കുന്ന രീതിയിൽ നാഷണൽ സ്കിൽസ് ക്വാളിഫിക്കേഷൻ ഫ്രെയിം വർക്ക് അടിസ്ഥാനമാക്കി നടത്തപ്പെടുന്ന കോഴ്സ് പ്രോഗ്രാമുകളുടെ വിശദവിവരങ്ങൾ അറിയുന്നതിനായി NSDC - TP യുടെ ഒഫീഷ്യൽ വെബ്സൈറ്റ് (www.healthcare.iibeducation.com) സന്ദർശിക്കുകയോ, അല്ലെങ്കിൽ ഹെൽപ്പ് ലൈൻ നമ്പറുമായി ബന്ധപ്പെടുകയോ ചെയ്യേണ്ടതാണ്.

**സംസ്ഥാനത്തെ 14 ജില്ലകളിലുമുള്ള നാഷണൽ സ്കിൽ ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ അപ്രൂവ്ഡ് ട്രെയിനിംഗ് സെന്റർ സ്റ്റാറ്റസ് നേടിയിട്ടുള്ള പ്രമുഖ ഹോസ്പിറ്റലുകളിലൂടെയാണ് പ്രസ്തുത പദ്ധതി വഴി വിദ്യാർത്ഥികൾക്ക് ഹെൽത്ത്കെയർ കോഴ്സുകൾ പഠിക്കുവാൻ സാധിക്കുക. NSDC-യുടെ പാരാമെഡിക്കൽ കോഴ്സുകൾക്ക് അഡ്മിഷൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ പദ്ധതി നടപ്പിലാക്കിയിട്ടുള്ള ഹോസ്പിറ്റലുകളിലെ NSDC Approved Training Centre-ഓഫീസുമായി നേരിട്ട് ബന്ധപ്പെടേണ്ടതാണ്.**

## Help Line No.:95 39 31 1010

## കോഴ്സിന് അഡ്മിഷൻ നേടുവാൻ താൽപര്യമുള്ള വിദ്യാർത്ഥികൾ പാലിക്കേണ്ട നടപടി ക്രമങ്ങൾ

STEPS

**1 അപേക്ഷാ ഫോമുകൾ എങ്ങനെയാണ് വിദ്യാർത്ഥികൾക്ക് ലഭ്യമാകുന്നത്?**

വിദ്യാർത്ഥികൾക്ക് കോഴ്സിന് അഡ്മിഷൻ നേടുന്നതിനായുള്ള അപേക്ഷാ ഫോമുകൾ സൗജന്യമായി ലഭിക്കുന്നതിനായി, പഠിക്കുവാൻ ആഗ്രഹിക്കുന്ന ഹോസ്പിറ്റലുകളുമായി ബന്ധപ്പെട്ട HCO (Healthcare Organisation) സ്കിൽ ട്രെയിനിംഗ് സെന്റർ ഓഫീസിൽ നിന്ന് നേരിട്ടോ, അല്ലെങ്കിൽ **www.healthcare.iibeducation.com** എന്ന NSDC-TP യുടെ ഔദ്യോഗിക വെബ്സൈറ്റിൽ നിന്നോ ഡൗൺലോഡ് ചെയ്ത് പ്രിന്റ് എടുക്കേണ്ടതാണ്.

**2 NSDC യുടെ ഹെൽത്ത്കെയർ കോഴ്സുകളിലേക്ക് അഡ്മിഷൻ നേടുന്നതിനായി പൂരിപ്പിച്ച അപേക്ഷാ ഫോമുകൾ വിദ്യാർത്ഥികൾ സമർപ്പിക്കേണ്ട വിധം:**

അപേക്ഷാ ഫോമിലെ താഴെയുള്ള **Acknowledgment slip** അഡ്മിഷൻ എടുക്കുവാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ നിർബന്ധമായും മുറിച്ചെടുത്ത് പ്രസ്തുത വിദ്യാർത്ഥികളുടെ ഓൺലൈൻ എൻറോൾമെന്റ് പൂർത്തിയാകുന്നതുവരേക്ക് കൈയിൽ സൂക്ഷിക്കേണ്ടതാണ്. **Acknowledgement Slip**-ൽ നൽകിയിരിക്കുന്ന അപേക്ഷാ ഫോം നമ്പർ വിദ്യാർത്ഥികൾ ഓൺലൈൻ എൻറോൾമെന്റ് ചെയ്യുന്ന സമയത്ത് വെബ്പോർട്ടലിൽ ടൈപ്പ് ചെയ്ത് നൽകേണ്ടതാണ്. അപേക്ഷ സമർപ്പിക്കേണ്ട അവസാന തിയ്യതിയ്ക്ക് മുൻപായി പൂരിപ്പിച്ച അപേക്ഷാ ഫോമുകൾ വിദ്യാർത്ഥികൾ പഠിക്കുവാൻ ആഗ്രഹിക്കുന്ന ഹോസ്പിറ്റലുകളുമായി ബന്ധപ്പെട്ട HCO സ്കിൽ ട്രെയിനിംഗ് സെന്ററിൽ നേരിട്ടോ അല്ലെങ്കിൽ, NSDC-TP യുടെ മേൽവിലാസത്തിലേക്ക് **(The state Co-ordinator, National Skill Development Corporation TP, IIB Education, Sunny Meds Lane, Near Jubilee Hospital Palayam, University P.O, Thiruvananthapuram, Kerala, Pin : 695 034)** തപാൽ മാർഗ്ഗത്തിൽ രജിസ്റ്റേർഡ് പോസ്റ്റ് ആയി അയക്കുകയോ ചെയ്യേണ്ടതാണ്. അപേക്ഷാ ഫോമുകൾ വിദ്യാർത്ഥികൾ തപാൽ മാർഗ്ഗത്തിൽ അയക്കുമ്പോൾ കവറിനു മുകളിലായി "**NSDC ഹെൽത്ത്കെയർ കോഴ്സിനുള്ള അപേക്ഷാ ഫോം**" എന്ന് നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.

**3 കോഴ്സിന് അഡ്മിഷൻ എടുത്ത വിദ്യാർത്ഥികൾ വെബ്പോർട്ടലിൽ രജിസ്ട്രേഷൻ പൂർത്തീകരിക്കേണ്ടതിന്റെ ആവശ്യകത എന്താണ്?**

വിദ്യാർത്ഥികൾ അപേക്ഷാഫോം വാങ്ങി കോഴ്സുമായി ബന്ധപ്പെട്ട വിവിധ നിബന്ധനകൾ വായിച്ചു മനസ്സിലാക്കിയതിനുശേഷം, അപേക്ഷ ഫോം പൂരിപ്പിച്ച് അപേക്ഷ സമർപ്പിക്കേണ്ട അവസാന തിയ്യതിക്ക് മുൻപായി പഠിക്കുവാനുദ്ദേശിക്കുന്ന ഹെൽത്ത്കെയർ ഓർഗനൈസേഷനിൽ സമർപ്പിക്കേണ്ടതാണ്. അപേക്ഷാ ഫോം പഠിക്കുവാൻ ആഗ്രഹിക്കുന്ന സ്കിൽ ട്രെയ്നിംഗ് സെന്ററിൽ സമർപ്പിച്ചതുകൊണ്ട് മാത്രം വിദ്യാർത്ഥികൾക്ക് അഡ്മിഷൻ ഉറപ്പിക്കുവാൻ സാധിക്കുകയില്ല. അപേക്ഷാ ഫോം സമർപ്പിച്ചതിന് ശേഷം വിദ്യാർത്ഥികൾ ഹെൽപ്പ്ലൈൻ നമ്പറുമായി ബന്ധപ്പെട്ട് നിശ്ചയിച്ചിട്ടുള്ള ഫീസ് അടയ്ക്കുകയും തുടർന്ന് അപേക്ഷാഫോമിൽ രേഖപ്പെടുത്തിയിട്ടുള്ള അപേക്ഷാ ഫോം നമ്പർ ഉപയോഗപ്പെടുത്തി **www.healthcare.iibeducation.com** എന്ന വെബ്സൈറ്റിൽ **Section -II** എന്ന ഓപ്ഷൻ ഉപയോഗിച്ച് എൻറോൾമെന്റ് പ്രോസസ്സ് പൂർത്തീകരിക്കേണ്ടതാണ്.തുടർന്ന് ലഭ്യമായ യൂസർ ഐഡിയും, പാസ്സ്‌വേർഡും ഉപയോഗിച്ച് സ്റ്റുഡന്റ് അക്കൗണ്ടിൽ (**www.student.healthcare.iibeducation.com**) ലോഗിൻ ചെയ്ത് വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് പ്രിന്റ് എടുത്ത അഡ്മിഷൻ സ്ലിപ്പും HCO യിൽ നിന്നും ലഭ്യമായിട്ടുള്ള അപ്ഡേറ്റഡ് ഫീ കാർഡും (Temporary Fee Card) കൂടി ആദ്യക്ലാസ്സിന് പ്രവേശിക്കുന്ന സമയത്ത് വിദ്യാർത്ഥികൾ അധ്യാപകന്റെ കൈവശം സമർപ്പിക്കേണ്ടതാണ്. കൂടാതെ കോഴ്സ് പ്രോഗ്രാമുമായി ബന്ധപ്പെട്ട വിവിധ നിർദ്ദേശങ്ങളും നിബന്ധനകളും ഉൾപ്പെടുത്തിക്കൊണ്ട് വെബ്സൈറ്റിൽ തന്നെ നൽകിയിരിക്കുന്ന Students Terms Sheet വിദ്യാർത്ഥികൾ വ്യക്തമായി വായിച്ചു മനസ്സിലാക്കുകയും ശേഷം രജിസ്ട്രേഡ് മൊബൈൽ നമ്പറിലേക്കുള്ള OTP വെരിഫിക്കേഷൻ പൂർത്തീകരിക്കുന്നതോടുകൂടിയാണ് ഒരു വിദ്യാർത്ഥിയുടെ കോഴ്സുമായി ബന്ധപ്പെട്ട പ്രവേശന നടപടി ക്രമങ്ങൾ വിജയകരമായി പൂർത്തിയാകുന്നത്. ആയതിനാൽ കോഴ്സുമായി ബന്ധപ്പെട്ട പ്രവേശന നടപടിക്രമങ്ങൾ എല്ലാംതന്നെ വിജയകരമായി പൂർത്തിയായിട്ടുണ്ടെന്ന് വിദ്യാർത്ഥി നിർബന്ധമായും ഉറപ്പുവരുത്തേണ്ടതാണ്. വിദ്യാർത്ഥികളുടെ Students Term Sheet-ൽ പരാമർശിച്ചിരിക്കുന്ന എല്ലാവിധ നിയമങ്ങളും ചട്ടങ്ങളും വിദ്യാർത്ഥികൾ കർശനമായി പാലിക്കേണ്ടതുമാണ്.

കോഴ്സിന് പ്രവേശനം നേടുന്നതിനായി പൂരിപ്പിച്ച അപേക്ഷാഫോമിനൊപ്പം വിദ്യാർത്ഥികൾ യോഗ്യത തെളിയിക്കുന്നതിനാവശ്യമായ എലിജിബിലിറ്റി സർട്ടിഫിക്കറ്റുകൾ കൂടി നിർദ്ദിഷ്ട കേന്ദ്രങ്ങളിൽ നിർദ്ദേശങ്ങൾക്കനുസരിച്ച് സമർപ്പിക്കേണ്ടതാണ്.

### 1). NSDC- യുടെ ഹെൽത്ത്കെയർ കോഴ്സുകളിലേക്ക് അഡ്മിഷൻ എടുത്ത വിദ്യാർത്ഥികളുടെ ക്ലാസ്സുകൾ എന്നു മുതലാണ് ആരംഭിക്കുന്നത്?

അഡ്മിഷൻ സമയത്ത് Rs.5000 അടച്ച്, രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളുടെ ബാച്ചുകൾ തരം തിരിച്ചതിനു ശേഷം വിദ്യാർത്ഥികളെ ഫോൺ, വെബ്സൈറ്റിലെ സ്റ്റുഡന്റ് അക്കൗണ്ട് (**www.student.healthcare.llbeducation.com**) ഇ-മെയിൽ എന്നിവയിൽ ഏതെങ്കിലും മുഖേന അറിയിക്കുന്നതാണ്. ഏതെങ്കിലും കാരണവശാൽ ഇത്തരത്തിലുള്ള അറിയിപ്പുകൾ ഒരാഴ്ച്ചക്കുള്ളിൽ ലഭിക്കാത്ത പക്ഷം അപേക്ഷാ ഫോം സമർപ്പിച്ച HCO സ്കിൽ ട്രെയ്നിംഗ് സെന്ററിന്റെ ഓഫീസിലോ, **+91 9539311010** എന്ന ഹെൽപ്പ് ലൈൻ നമ്പറുമായോ ബന്ധപ്പെട്ട് ക്ലാസ്സ് തുടങ്ങുന്ന തിയ്യതി വിദ്യാർത്ഥികൾ ഉറപ്പുവരുത്തേണ്ടതാണ്. ക്ലാസ്സ് തുടങ്ങുന്നതിന് മുൻപായി ഫീസിന്റെ ആദ്യ ഇൻസ്റ്റാൾമെന്റ് (അഡ്മിഷൻ സമയത്ത് അടച്ച തുക ഉൾപ്പെടെ) മുഴുവനായും അടച്ച് വിദ്യാർത്ഥികൾ രസീത് കൈപ്പറ്റേണ്ടതാണ്. തുടർന്ന് പ്രസ്തുത കോഴ്സ് പ്രോഗ്രാമുമായി ബന്ധപ്പെട്ട് സമയാസമയങ്ങളിൽ NSDC-TP നിഷ്കർഷിച്ചിരിക്കുന്ന ഇൻസ്റ്റാൾമെന്റ് പ്രകാരം മുഴുവൻ ഫീസും അടച്ചു തീർക്കേണ്ടതാണ്.

### 2). Academic Progress Tracking System എന്നാലെന്താണ്? അതിന്റെ ഉപയോഗം എന്താണ്?

വിദ്യാർത്ഥികൾക്ക് ഒരേ പോലെയുള്ള ഉയർന്ന പഠന നിലവാരം ഉറപ്പ് വരുത്തുന്നതിനായി രൂപീകരിച്ച അക്കാദമിക് പ്രോഗ്രസ്സ് ട്രാക്കിംഗ് സിസ്റ്റത്തിന്റെ സഹായത്താൽ കോഴ്സിന്റെ ഓരോ ഭാഗവും വിദ്യാർത്ഥികൾക്കും, തുടർന്ന് അവരുടെ രക്ഷിതാക്കൾക്കും പരിശോധിക്കുവാനും, ഓരോ ഭാഗവും വ്യക്തമായി പഠിച്ചതിനു ശേഷം മാത്രം അടുത്ത ഭാഗം പഠിക്കുവാനും വിദ്യാർത്ഥികൾക്ക് കഴിയുന്നു. തൻമൂലം കോഴ്സിന്റെ പഠനനിലവാരം സ്ഥാപനത്തിനോടൊപ്പം തന്നെ വിദ്യാർത്ഥികൾക്കും, രക്ഷിതാക്കൾക്കും ഒരുപോലെ ഉറപ്പുവരുത്താൻ സാധിക്കുന്നു എന്നുള്ളതാണ് അക്കാദമിക് പ്രോഗ്രസ്സ് ട്രാക്കിംഗ് സിസ്റ്റത്തിന്റെ ഏറ്റവും വലിയ പ്രത്യേകത.

### 3). NSDC-ഹെൽത്ത്കെയർ കോഴ്സുകളിലേക്ക് അഡ്മിഷൻ എടുത്ത വിദ്യാർത്ഥികൾക്ക് കോഴ്സ് പ്രോഗ്രാമിന്റെ ഭാഗമായി നൽകുന്ന OJT (On the Job Training) യെ സംബന്ധിച്ച്?

- NSDC- ഹെൽത്ത്കെയർ കോഴ്സുകൾക്ക് അഡ്മിഷൻ എടുത്ത വിദ്യാർത്ഥികൾ കോഴ്സ് പ്രോഗ്രാമിന്റെ ഭാഗമായി NSDC നിഷ്കർഷിച്ചിട്ടുള്ള നിശ്ചിത സമയത്തേക്കുള്ള On the Job Traing പൂർത്തീകരിച്ച് നേടുന്ന OJT സർട്ടിഫിക്കറ്റ് അഡ്മിഷൻ എടുത്ത NSDC അപ്രൂവ്ഡ് HCO സ്കിൽ ട്രെയ്നിംഗ് സെന്ററിൽ നിർബന്ധമായും സമർപ്പിക്കേണ്ടതാണ്.
- വിദ്യാർത്ഥികൾ ഫൈനൽ എക്സാമിനേഷന് മുൻപായി വിവിധ ഹോസ്പിറ്റൽ / ഹെൽത്ത്കെയർ ഓർഗനൈസേഷനുകളിൽ നിന്നും പ്രായോഗിക പരിശീലനം നേടുന്നതിനായി NSDC നിഷ്കർഷിച്ചിട്ടുള്ള OJT വിജയകരമായി പൂർത്തീകരിക്കേണ്ടതാണ്. ഇത്തരത്തിൽ NSDC - TP അംഗീകരിച്ചിട്ടുള്ള ഹോസ്പിറ്റൽ / ഹെൽത്ത്കെയർ ഓർഗനൈസേഷനുകളിൽ OJT യ്ക്ക് പോകുവാൻ താൽപര്യമുള്ള വിദ്യാർത്ഥികൾ, പ്രസ്തുത ഓർഗനൈസേഷനുകൾ നിഷ്കർഷിക്കുന്ന കാലാവധി, താമസം, ഭക്ഷണം, സമയക്രമം തുടങ്ങിയ വിവിധ നിബന്ധനകൾ അനുസരിക്കാൻ ബാധ്യസ്ഥരായിരിക്കും. OJT ചെയ്യുന്നതിനായി അംഗീകരിച്ചിട്ടുള്ള ഹോസ്പിറ്റലുകളുടെ അല്ലെങ്കിൽ ഹെൽത്ത്കെയർ ഓർഗനൈസേഷനുകളുടെ വിവരങ്ങൾക്കായി ഹെൽപ്പ്ലൈൻ നമ്പറുമായി ബന്ധപ്പെടേണ്ടതാണ്

### 4). കോഴ്സ് പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് കൂടുതൽ പ്രായോഗിക പരിശീലനം നേടുന്നതിനായി വിവിധ ഹെൽത്ത്കെയർ ഓർഗനൈസേഷനുകളിൽ ഇന്റേൺഷിപ്പ് പോലുള്ള ആഫ്റ്റർ സപ്പോർട്ട് പ്രോഗ്രാമുകൾ നൽകി വരുന്നുണ്ടോ?

NSDC-ഹെൽത്ത്കെയർ കോഴ്സുകൾക്ക് അഡ്മിഷൻ എടുത്ത വിദ്യാർത്ഥികൾക്ക് കൂടുതൽ പ്രായോഗിക പരിശീലനം നേടുന്നതിനും, കൂടാതെ എളുപ്പത്തിൽ തൊഴിൽ നേടാൻ സഹായിക്കുന്നതിനുമായി അവർ അഡ്മിഷൻ എടുത്ത NSDC അപ്രൂവ്ഡ് HCO സ്കിൽ ട്രെയ്നിംഗ് സെന്ററുകളുടെ നേതൃത്വത്തിൽ ഇന്റേൺഷിപ്പ്, ഫിനിഷിംഗ് സ്കൂൾ, സോഫ്റ്റ് സ്കിൽ ഡെവലപ്മെന്റ് തുടങ്ങിയ നിരവധി ആഫ്റ്റർ സപ്പോർട്ട് പ്രോഗ്രാമുകൾ നടത്തി വരുന്നുണ്ട്. ഇത്തരം പ്രോഗ്രാമുകളുമായി ബന്ധപ്പെട്ടുള്ള വിവിധ നിബന്ധനകൾ ലഭിക്കുന്ന സർട്ടിഫിക്കേഷനുകൾ തുടങ്ങിയ എല്ലാ വിവരങ്ങളും വിദ്യാർത്ഥികൾ വ്യക്തമായി ചോദിച്ചറിയേണ്ടതാണ്.

### 5). കോഴ്സ് പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് തൊഴിലവസരങ്ങൾ അറിയിക്കുന്നതിലേക്കായി എന്തെങ്കിലും തരത്തിലുള്ള സപ്പോർട്ട് നൽകി വരുന്നുണ്ടോ?

ലോകത്തെമ്പാടുമുള്ള ഹെൽത്ത്കെയർ മേഖലയിലെ വിവിധ തൊഴിലവസരങ്ങളെ കുറിച്ച് അറിയുന്നതിനും, അവ പ്രയോജനപ്പെടുത്തുന്നതിനുമായി NSDC-TP യുടെ പ്ലേയ്സ്മെന്റ് സെല്ലിലും, ജോബ് പോർട്ടലിലും കോഴ്സ് വിജയകരമായി പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് സൗജന്യമായി രജിസ്റ്റർ ചെയ്യുവാൻ അർഹതയുണ്ടായിരിക്കുന്നതാണ്. കൂടാതെ NSDC യിലെ പ്ലേയ്സ്മെന്റ് സെല്ലുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്യപ്പെടുന്ന ഹെൽത്ത്കെയർ മേഖലയുമായി ബന്ധപ്പെട്ടുള്ള തൊഴിലവസരങ്ങൾ യഥാസമയം വിദ്യാർത്ഥികളെ ഇ - മെയിൽ മുഖേന അറിയിക്കുന്നതാണ്.

**Help Line No : 95 39 31 1010**